# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1249** 02.05.2017 ൽ മറുപടിയ്ക്ക്

## ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ശ്രീമതി. വിജയലക്ഷ്മിക്ക് നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം. രാജഗോപാലൻ** | **ഡോ.കെ.ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)** |
| 2001 മുതൽ ബദിയടുക്ക ഗ്രാമപഞ്ചായത്ത് ശിശുമന്ദിരത്തിൽ ജോലി ചെയ്തുവരുന്ന പട്ടികവിഭാഗത്തിൽപ്പെട്ട ശ്രീമതി വിജയലക്ഷ്മിക്ക് ശിശുമന്ദിരം നിർത്തിയതുമൂലം നഷ്ടപ്പെട്ട തസ്തികയ്ക്ക് പകരം പൗണ്ട് കീപ്പർ /ലൈബ്രേറിയൻ തസ്തികയിൽ പരിഗണിക്കാൻ ശുപാർശ നൽകിയിട്ടും ഉത്തരവ് നൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് എപ്പോൾ നിയമന ഉത്തരവ് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ? | 22.02.2001 മുതൽ ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ നഴ്സറി സ്കൂളിൽ ടീച്ചറായി ജോലി നോക്കിവരുന്ന ശ്രീമതി. വിജയലക്ഷ്മിയെ സ്കൂൾ നിർത്തലാക്കിയ ശേഷവും പഞ്ചായത്തിലെ ഓഫീസ് ജോലികൾക്കായി നിയോഗിക്കുകയും ഓണറേറിയം നൽകി വരികയുമാണ്. ടിയാളെ പൌണ്ട് കീപ്പർ / ലൈബ്രേറിയൻ തസ്തികയിൽ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം ഇപിഎ 2/205/16/തസ്വഭവ നമ്പരായി പരിശോധിക്കുകയും താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരെ സ്ഥിരപ്പെടുത്താൻ നിലവിൽ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ നിരസിക്കുകയും ചെയ്തിട്ടുണ്ട്. പതിനൊന്നിന പരിപാടിയിൽ 31.12.2000 ന് മുമ്പ് നിയമിതരായവരും ടി തസ്തികയിൽ ഓണറേറിയം വ്യവസ്ഥയിൽ തുടർന്നിരുന്നവരുമായ നഴ്സറി സ്കൂൾ ടീച്ചർമാരെ മാത്രമാണ് നിലവിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ